ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങൾക്കുള്ള ആരോഗ്യ പരിപാലനം

*14. [138] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങൾക്ക് ആരോഗ്യ പരിപാലന സേവനം ലഭ്യമാക്കുന്നതിന് എന്തെക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി പ്രത്യേക സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ആദിവാസി മേഖലകൾ, മലമ്പ്രദേശങ്ങൾ, ഉൾനാടൻ ദ്വീപസമൂഹങ്ങൾ തുടങ്ങി പിന്നോക്ക ദരിദ്രസമൂഹങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കാൻ ഡോക്ടർമാരും നഴ്സ്മാരും വിമുഖത കാട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ, ബി) സംസ്ഥാന ആരോഗ്യ നയത്തിൽ ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. 3000 ജനസാന്ദ്രതയുള്ള സ്ഥലത്ത് ഒരു സബ്സെന്റർ ഇരുപതിനായിരത്തിന് ഒരു പി. എച്ച്. സെന്റർ എന്ന ദേശീയ നയം പിൻതുടർന്ന് വരുന്നുണ്ട്. പത്ത് ശതമാനത്തിലധികം ആദിവാസികൾ ഉള്ള മേഖലകളിൽ 45 പി. എച്ച്. സി. കളാണ് സംസ്ഥാനത്ത് ഉള്ളത്. ഇവ കൂടാതെ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള വിദൂര സ്ഥലങ്ങളിലുള്ള ആദിവാസി മേഖലയിലേയ്ക്കും മെഡിക്കൽ ക്യാമ്പുകളിലേയ്ക്കും ആരോഗ്യ വകുപ്പ് 11 ട്രൈബൽ മൊബൈൽ യൂണിറ്റുകളും പട്ടികവർഗ്ഗ വികസന വകുപ്പിലെ 2 യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സുമാർ, നേഴ്സിംഗ് അസിസ്റ്റന്റ്,

LIBRARY ARCHIVES Kerala Legislative Assembly

അറ്റന്റർമാർ തുടങ്ങിയവരോടൊപ്പമാണ് പ്രവർത്തിക്കുന്നത്. ഈ ട്രൈബൽ മൊബൈൽ യൂണിറ്റുകൾ തുടർച്ചയായി20 മെഡിക്കൽ ക്യാമ്പുകൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ റ്റി. ബി. യിൽ ട്രീറ്റ്മെന്റ് യൂണിറ്റ് 3 ലക്ഷം ജനസംഖ്യയിൽ ഒരു ട്രീറ്റ്മെന്റ് യൂണിറ്റ് ആണ്. 5000 പേർക്ക് ട്രൈബൽ ഏരിയായിൽ ഒരു മൈക്രോസ്കോപ്പി സെന്റർ പ്രവർത്തിച്ചു വരുന്നു. ട്രൈബൽ രോഗികൾക്ക് പ്രോൽസാഹനമായി 125 രൂപ വച്ച് കൊടുത്തുകൊണ്ടിരിക്കുന്നു. ഈ പ്രോഗ്രാമിലെ ട്രൈബൽ ഹെൽത്ത് യൂണിറ്റിന്റെ സേവനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ (പ്രത്യേകിച്ച് കോഴിക്കോടും കോട്ടയത്തും) എത്തുന്ന ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്ക ദരിദ്ര ജനവിഭാഗങ്ങൾക്ക് അവരുടെ എല്ലാ ചെലവുകളും സർക്കാരാണ് വഹിക്കുന്നത്. മരുന്നും മറ്റു ടെസ്റ്റുകളും പൂർണ്ണമായും സൗജന്യമാണ്. കോഴിക്കോടും കോട്ടയത്തും ഉള്ള മെഡിക്കൽ കോളേജുകളിൽ ഔട്ട്റീച്ച് ക്ലിനിക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ 488 റൂറൽ ഡിസ്പെൻസറികൾ സർക്കാർ തലത്തിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 118 എണ്ണം ജനറൽ സ്കീമിലും 42 എണ്ണം പ്രത്യേക ഘടകപദ്ധതിയിലും 28 എണ്ണം ട്രൈബൽ സബ്പ്ലാൻ അനുസരിച്ചും തുറന്നവയാണ്. കൂടാതെ അഹാഡ്സുമായി സഹകരിച്ച് അഗളി, അട്ടപ്പാടി മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. നാഷണൽ റൂറൽ ഹെൽത്ത് മിഷനിലുൾപ്പെടുത്തി വൈദ്യസഹായം എത്തിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

നാട്ട് ചികിൽസാ വകുപ്പിൽ ഔഷധ ദൗർലഭ്യം ഉണ്ടാകാതിരിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ആദിവാസി മേഖലകളിൽ കൂടുതൽ ഔഷധങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 1,69,50,000 രൂപയുടെ ഔഷധങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം മൊത്തം അധികമായി ലഭ്യമാക്കിയിട്ടുണ്ട്. രോഗം പടർന്നു പിടിക്കുന്നു എന്നറിവിൽപ്പെട്ടാൽ ഉടനെതന്നെ ആവശ്യമായ പ്രതിരോധ നടപടികൾക്കുള്ള രോഗനിവാരണ പ്രവർത്തനങ്ങൾ സ്വീകരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും നടത്തുന്നുണ്ട്.

(സി) പിന്നോക്ക ദരിദ്ര സമൂഹങ്ങൾ അധിവസിക്കുന്ന മേഖലകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പി. എസ്. സി. മുഖേന നിയമനം നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദിവസക്കൂലി അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചും തൊട്ടടുത്ത സ്ഥാപനത്തിലെ ഡോക്ടർമാർക്ക് അധിക ചുമതല നൽകിയും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുവേ ഒരു വിമുഖത ദൃശ്യമാണെങ്കിലും ആയതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സാംക്രമിക രോഗങ്ങളും പ്രതിരോധ മരുന്നുകളുടെ പാർശ്വ ഫലങ്ങളെക്കുറിച്ചുള്ള പഠനവും

*15. [139] ശ്രീ. ജോണി നെല്ലൂർ :

" ഷിബു ബേബിജോൺ :

" ആർ. ബാലകൃഷ്ണപിള്ള :

" കെ. ബി. ഗണേഷ്കുമാർ :

" ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിന്നും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യപ്പെട്ടുവെന്നു പ്രഖ്യാപിച്ച ഏതെല്ലാം രോഗങ്ങളാണ് വീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നത് ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മന്ത് രോഗം ഇതിൽപ്പെടുമോ ;

(ഡി) മന്ത് രോഗത്തിനും മറ്റ് എന്തെല്ലാം രോഗങ്ങൾക്കുമാണ് പ്രതിരോധ മരുന്ന് നൽകിവരുന്നത്;

(ഇ) പ്രതിരോധ മരുന്നുകളിൽ നിന്നും പാർശ്വ ഫലങ്ങൾ ഉണ്ടാകുന്നതായിട്ടുള്ള പരാതികൾ സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഇത് സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) മലമ്പനി.

(ബി) ദേശീയ മലമ്പനി നിവാരണ പരിപാടിയുടെ ഭാഗമായി വിവിധ നടപടികൾ സംസ്ഥാനത്ത് മലമ്പനി തടയുന്നതിനായി നടത്തിവരുന്നു.

1. മലമ്പനിയുടെ ലക്ഷണങ്ങൾ കാണുന്ന എല്ലാവരേയും രക്ത പരിശോധനയ്ക്ക് വിധേയരാക്കുന്നു. ഇത്തരത്തിലുള്ള നിരീക്ഷണം ആശുപത്രികൾ കേന്ദ്രീകരിച്ചും ഭവനസന്ദർശനം നടത്തിയും നടപ്പിലാക്കുന്നു.

2. രോഗം ഉള്ളതായി കണ്ടെത്തുന്നവരെ ഉടൻതന്നെ മലമ്പനിയുടെ സമ്പൂർണ്ണ ചികിൽസയ്ക്ക് വിധേയരാക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly